## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **337** | **03.03.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനൂപ് ജേക്കബ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിലവിൽ വാറ്റ് നികുതി കുടിശ്ശിക തുക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക തുകയിൽ പിരിച്ചെടുത്ത തുക എത്രയാണെന്നും അറിയിക്കാമോ; | (എ) | 31.01.2020-ലെ കണക്കനുസരിച്ച് വാറ്റ്, കെ.ജി.എസ്.ടി, ലക്ഷ്വറി ടാക്സ് എന്നിവ ഉൾപ്പെടെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 14010.47 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നതിൽ 138.13 കോടി രൂപ പിരിച്ചെടുത്തു. ബാക്കി 13872.34 കോടി രൂപ കുടിശ്ശിക ഉണ്ട്. |
| (ബി) | നിലവിൽ വാറ്റ്, ജി.എസ്.ടി. എന്നിവ ഉൾപ്പെടെയുള്ള നികുതി കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ ; | (ബി) | നിലവിൽ വാറ്റ്, കെ.ജി.എസ്.ടി, ലക്ഷ്വറി ടാക്സ് എന്നിവ ഉൾപ്പെടെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ കുടിശ്ശിക 13872.34 കോടി രൂപയും, ജി.എസ്.ടി. back-end ലെ ഡാറ്റാ അനുസരിച്ച് ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ അസസ്സ്മെന്റ് പൂർത്തിയാക്കിയതിൻ പ്രകാരമുള്ള എസ്.ജി.എസ്.ടി. കുടിശ്ശിക 976.56 കോടി രൂപയോളവും വരും. ഇതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | 2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും അനുവദിച്ചു.<br>3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.<br>4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. |

**സെക്ഷൻ ഓഫീസർ**